**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1114** **04.02.2019 - ൽ മറുപടിക്ക്**

**തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ വികസനം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (എ) | കിഫ്ബിയിൽ ഉൾക്കൊള്ളിച്ച് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പഠനം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാകളക്ടർക്ക് അർത്ഥന സമർപ്പിക്കുന്നതാണ്. സാമൂഹികാഘാത പഠനത്തിനുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിൽ കേച്ചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ പുതിയതായി നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (സി) | തൃശ്ശൂർ - കുറ്റിപ്പുറം റോഡിലുള്ള ചൂണ്ടൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട്, നിലനിന്നിരുന്ന പഴയപാലം പൊളിച്ചുനീക്കി പുതിയ പാലത്തിന്റെ അടിത്തറ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. എർത്ത് വർക്കിനു വേണ്ടിയുള്ള ലെവൽസ് എടുത്ത് കേച്ചരി പാലം പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**